# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 579

### 19/03/2013-ൽ മറുപടി പറയേണ്ടിയിരുന്നത്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| ചോദ്യം | മറുപടി |
|---|---|
| (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2011-2012, 2012-13 വർഷത്തിൽ ബജറ്റ് അടങ്കൽ എത്രയായിരുന്നു; ചെലവഴിക്കപ്പെട്ടത് എത്ര; ട്രഷറികളിൽ നിക്ഷേപിക്കപ്പെട്ടവ എത്ര; അതത് വർഷത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാതെ പോയത് എത്ര തുക വീതമാണ്; | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ തനി വിഹിതമായി 2011-12-ൽ 2574.05 കോടി രൂപയും 2012-13-ൽ 3050.6153 കോടി രൂപയും വകയിരുത്തിയിരുന്നു. 2011-12-ൽ 10967.26 കോടി രൂപയും (മുൻ വർഷത്തെ നീക്കിയിരിപ്പ് 8397.41 കോടി രൂപയും തനത് വർഷത്തെ വരവ് 2569.85 കോടി രൂപയും ഉൾപ്പെടെ) 2012-13-ൽ 8292.86 കോടി രൂപയും (മുൻ വർഷത്തെ നീക്കിയിരിപ്പ് 5250.28 കോടി രൂപയും തനത് വർഷത്തെ വരവ് 3042.58 കോടി രൂപയും ഉൾപ്പെടെ) ട്രഷറികളിൽ നിക്ഷേപിക്കപ്പെട്ടിരുന്നു. 2011-12-ൽ 2771.98 കോടി രൂപയും, 2012-13-ൽ 2723.36 കോടി രൂപയും ചെലവഴിക്കപ്പെട്ടിരുന്നു. 2011-12-ൽ 749.19 കോടി രൂപയും, 2012-13-ൽ 1444.60 കോടി രൂപയും ചെലവഴിച്ചിട്ടില്ല. |

| | |
|---|---|
| (ബി) 2011-12-ലും 2012-13-ലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, പദ്ധതി അടങ്കലിന്റെ എത്ര ശതമാനം തുക മൂലധന നിക്ഷേപം നടത്തുകയുണ്ടായി; യഥാർത്ഥത്തിൽ പദ്ധതി അടങ്കലുകളുടെ എത്ര ശതമാനം വീതം മൂലധന നിക്ഷേപം നടത്തണമെന്നായിരുന്നു ലക്ഷ്യമിട്ടത്; വ്യക്തമാക്കാമോ? | ഓരോ വർഷവും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി രൂപീകരണവും, നിർവ്വഹണവും സംബന്ധിച്ച് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ മൂലധന നിക്ഷേപമായി എത്ര തുക മാറ്റി വയ്ക്കണമെന്ന് നിർദ്ദേശിക്കാറില്ല. എന്നാൽ ഉൽപ്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിലായിട്ടായിരിക്കണം പദ്ധതികൾ തരം തിരിക്കേണ്ടത് എന്ന് നിർദ്ദേശിക്കാറുണ്ട്. ആയതിനാൽ മൂലധന നിക്ഷേപത്തിനായി എത്ര രൂപ വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നു എന്ന കണക്ക് ലഭ്യമല്ല. |

Section Officer